(4) തൊടുപുഴ നിയോജകമണ്ഡലത്തിലെ ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമാക്കൽ

ശ്രീ. പി. ടി. തോമസ്: സർ, തൊടുപുഴ നിയോജകമണ്ഡലത്തിലെ ആദിവാസി മേഖലകളായ വഞ്ചിക്കൽ, പട്ടയക്കുടി, വെള്ളു ഭാഗം, കള്ളിപ്പാറ, നാളിയാനി, വാളിയംതോട്, തടിയനാൽ, വട്ടക്കണ്ണി, കിഴക്കേമേതൊടി, നെല്ലിക്കാമല, പറമ്പുകാട്ടുമല, ഉപ്പുകുന്ന്, ബൗണ്ടറി, വാദ്ധ്യാൻകാവ്, മരക്കൊമ്പ് മേഖലകളിൽ നൂറുകണക്കിനു ആദിവാസികൾക്കു വൈദ്യുതി കിട്ടാതെ വിഷമിക്കുകയാണ്. ഇടുക്കി പദ്ധതിയെപ്പോലെ ദേശാന്തര പ്രശസ്തിയുള്ള പദ്ധതികളുള്ള ജില്ലയിൽ പാവപ്പെട്ടവർക്ക് വൈദ്യുതി എത്തിക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, വണ്ണപുരം പഞ്ചായത്തിലെ പട്ടയക്കുടി പ്രദേശങ്ങൾ വൈദ്യുതീകരിക്കുന്നതിന് 10.3 കി.മീ. 11 കെ. വി. ലൈൻ, ഒരു 100 കെ. വി. എ. ട്രാൻസ്ഫോർമർ, 9.5 കി.മീ. എൽ.ടി. ലൈൻ എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് 4-1-2002-ൽ പട്ടികജാതി-പട്ടികവർഗ്ഗ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതിക്കായി ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്. വെള്ളു ഭാഗത്ത് 6.7 കി. മീ. 11 കെ. വി. ലൈൻ, ഒരു 100 കെ. വി. എ. ട്രാൻസ്ഫോർമർ, 28.6 കി. മീറ്റർ എൽ. ടി. ലൈൻ എന്നിവ സ്ഥാപിക്കാനുള്ള ഒരു പദ്ധതി തയ്യാറാക്കി മിനിമം ഗ്യാരന്റി എഗ്രിമെന്റ് വച്ചിട്ടുണ്ട്. കള്ളിപ്പാറയിലേക്ക് 10.5 കി. മീറ്റർ 11 കെ. വി. ലൈൻ, ഒരു 100 കെ. വി. എ. ട്രാൻസ്ഫോർമർ, 15.3 കി. മീറ്റർ എൽ.ടി. ലൈൻ എന്നിവ സ്ഥാപിക്കുന്നതിനു വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയതനുസരിച്ച് ഉപഭോക്താക്കൾ മിനിമം ഗ്യാരന്റി എഗ്രിമെന്റ് വയ്ക്കുവാനുണ്ട്. നെല്ലിക്കാമല വൈദ്യുതീകരിച്ചിട്ടുണ്ട്. വാലിയംതോട് കോളനി ഭാഗികമായി വൈദ്യുതീകരിച്ചിട്ടുണ്ട്. നാളിയാനി പ്രദേശത്ത് 2.7 കി. മീറ്ററിൽ എൽ. ടി. ലൈനും പറമ്പുകാട്ടുമല ഭാഗത്ത് 2.5 കി. മീ. 11 കെ. വി. ലൈനും, ഒരു 100 കെ. വി. എ. ട്രാൻസ്ഫോർമറും 4.2 കി. മീറ്റർ എൽ. ടി. ലൈനും സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തടിയനാൽ, വട്ടക്കണ്ണി, കിഴക്കേമേതൊടി എന്നീ പ്രദേശങ്ങൾ വൈദ്യുതീകരിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ല. ഉടുമ്പന്നൂർ പഞ്ചായത്തിൽ ഉപ്പുകുന്നു പ്രദേശത്തേക്ക് 2.8 കി. മീറ്റർ 11 കെ. വി. ലൈനും ഒരു 100 കെ. വി. എ. ട്രാൻസ്ഫോർമറും 14.3 കി. മീറ്റർ എൽ. ടി. ലൈനും സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിക്കായി ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്. വഞ്ചിക്കല്ല് വൈദ്യുതീകരണം പൂർത്തിയായി. വാദ്ധ്യാൻകാവ്, മരക്കൊമ്പ്, ബൗണ്ടറി എന്നീ പ്രദേശങ്ങൾ വൈദ്യുതീകരിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ല.

(5) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണവും ക്ഷാമബത്ത നൽകലും

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കണമെന്നും പിടിച്ചുവച്ച ഡി.എ. കുടിശ്ശിക അടിയന്തിരമായും വിതരണം ചെയ്യണമെന്നും ആവശ്യപ്പെടാനാണ് ഈ സബ്മിഷനിലൂടെ ഞാൻ ശ്രമിക്കുന്നത്. കഴിഞ്ഞ ഒരു വർഷവും ഒരു മാസവും ആയിട്ടും ശമ്പളപരിഷ്കരണം നടപ്പിലാക്കാതെ കിടക്കുകയാണ്. കഴിഞ്ഞമാസം ശമ്പള പരിഷ്കരണ കമ്മിറ്റിയുടെ ഒരു യോഗം നടക്കുകയുണ്ടായി എന്ന് അറിയാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എത്രയും പെട്ടെന്ന് ശമ്പള പരിഷ്കരണം നടപ്പിലാക്കണം. രണ്ടാമതായി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള 13 ശതമാനം ഡി.എ. നൽകണം. ഇടതുമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഡി.എ. എല്ലാം അതാതു സമയത്ത് നടപ്പിലാക്കുന്ന സ്ഥിതിയാണുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അവിടെ 11 ശതമാനം ഡി.എ. കുടിശ്ശിക ആയിരിക്കുകയാണ്. അതുകൊണ്ട് എത്രയും പെട്ടെന്ന് ഡി. എ. കുടിശ്ശിക നൽകുവാനുള്ള നടപടികൾ സഹകരണ വകുപ്പുമന്ത്രി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): ഇവിടെ ശമ്പള പരിഷ്കരണ കമ്മിറ്റിയെ വച്ചിട്ടുണ്ട്. ആ കമ്മിറ്റി ചേർന്നുകൊണ്ടിരിക്കുകയാണ്. ആ കമ്മിറ്റിയുടെ റിപ്പോർട്ടു കിട്ടിയാൽ അതു പരിശോധിച്ചു നടപ്പിൽ വരുത്തും. ഡി. എ. കൊടുക്കാൻ തന്നെ ഇപ്പോൾ സാധിക്കുന്നില്ല. ഏതാണ്ട് 225 കോടി രൂപ പ്രൈമറി സഹകരണ സംഘങ്ങൾക്ക് നഷ്ടമാണ്. 43 കോടി രൂപ അഗ്രിക്കൾച്ചറൽ ബാങ്കിന് നഷ്ടമാണ്. രണ്ടു ജില്ലാ ബാങ്കുകളായ തൃശൂരും കോട്ടയവും നഷ്ടത്തിലേക്ക് പോവുകയാണ്. ചട്ടം 159 അനുസരിച്ച് കേരളാ ഗവൺമെന്റ് പ്രഖ്യാപിക്കുന്ന ഡി. എ. കൊടുക്കണമെന്നേ വ്യവസ്ഥയുള്ളൂ. ആ ചട്ടമനുസരിച്ചു കൊടുക്കുകയും ചെയ്യുന്നുണ്ട്. നമ്മുടെ നിയമമനുസരിച്ച് ഒരു ഡി.എ.-യും കൊടുക്കാൻ ബാക്കിയില്ല.

(6) കോഴിക്കോട് നഗരത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് അംഗീകാരവും ഫണ്ട് അനുവദിക്കലും

ശ്രീ. എ. സുജനപാൽ: സർ, കോഴിക്കോട് നഗരത്തിലെ മൂന്നു പ്രധാന ടൂറിസ്റ്റ് പ്രോജക്ടുകൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ചരിത്രപ്രസിദ്ധമായ കോഴിക്കോട് കടൽപ്പുറത്തെ മോഡൽ റോഡിനു മൂന്നു കോടി രൂപയുടെ പ്രോജക്ടാണ് സമർപ്പിച്ചിട്ടുള്ളത്. അതുപോലെ പുരാതന കോഴിക്കോട് എം.എസ്.സ്ട്രീറ്റിലെ ഹെറിറ്റേജ് കോംപ്ലക്സിന് ഒരു കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചിട്ടുള്ളത്. ട്രാഫിക് കുരുക്കിൽപ്പെട്ട് വീർപ്പുമുട്ടുന്ന കോഴിക്കോട് നഗരത്തിൽ പാർക്കിംഗ് കോംപ്ലക്സിന് 50 ലക്ഷം രൂപയുടെ പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രോജക്ടുകൾക്ക് കഴിവതും വേഗം അംഗീകാരം നൽകി അവ നടപ്പാക്കുന്നതിനുവേണ്ടി അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, 'മോഡൽ റോഡ്, കോഴിക്കോട്, കോഴിക്കോട് ബീച്ച് റോഡ്': സെൻട്രൽ ടെലിഗ്രാഫ് ഓഫീസ് ജംഗ്ഷൻ മുതൽ ഗാന്ധി റോഡുവരെയുള്ള 1.66 കി. മീറ്റർ റോഡ് മോഡൽ റോഡായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനാവശ്യമായ മൂന്നു കോടി രൂപയിൽ ഒരു കോടി രൂപ ഇപ്പോൾ നൽകി. ഈ പ്രോജക്ടിനു ഭരണാനുമതി നൽകിക്കഴിഞ്ഞു. എം. എസ്. സ്ട്രീറ്റിലെ ഹെറിറ്റേജ് കോംപ്ലക്സ്: ഒരു കോടി രൂപ ചെലവുവരുന്ന ഈ പ്രോജക്ടിന് പി.ഡബ്ല്യു.ഡി. റോഡ്സ് ഡിവിഷൻ ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഒരു കോടി രൂപയ്ക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. 'പാർക്കിംഗ് കോംപ്ലക്സ്, കോഴിക്കോട് സിറ്റി': 50 ലക്ഷം രൂപ പ്രതീക്ഷിക്കുന്ന ഈ പ്രോജക്ടിന് പ്രോജക്ട് റിപ്പോർട്ട് പി.ഡബ്ല്യു.ഡി. കോഴിക്കോട് ഡിവിഷൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ 50 ലക്ഷം രൂപ വകകൊള്ളിച്ചുകൊണ്ട് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly